**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 673** **10-02-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിൽ, ഇലക്ട്രിക് പോസ്റ്റുകളുമായി ബന്ധപ്പെടുത്തി സ്ഥാപിച്ചിട്ടുള്ള ചാർജിംഗ് ബോക്സുകളിൽ എത്ര എണ്ണം പ്രവർത്തന സജ്ജമായിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ ഇലക്ട്രിക് പോസ്റ്റുകളുമായി ബന്ധപ്പെടുത്തി 7 ചാർജ്ജിംഗ് സ്റ്റേഷനുകളാണ് കെ എസ് ഇ ബി എൽ സ്ഥാപിച്ചിട്ടുള്ളത്. ഇവയെല്ലാം നിലവിൽ പ്രവർത്തനസജ്ജമാണ്. |
| (ബി) | ഉപഭോക്താക്കൾക്ക് ഇവ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (ബി) | വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഉള്ളയിടത്താണ് നിലവിൽ ചാർജ്ജ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. ചാർജ്ജ് ചെയ്യേണ്ട രീതിയെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്ന ബോർഡ് ചാർജ്ജിംഗ് ബോക്സിനരികിൽ സ്ഥാപിച്ചിട്ടുണ്ട്. പരാതികൾ അറിയിക്കുന്നതിന് Custodian ആയ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെയും, നോഡൽ ഓഫീസർ ആയ PMU അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും കൂടാതെ ആപ്പ് എൻക്വയറിയുടെയും ചാർജ്ജിംഗുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്കുമുള്ള മൊബൈൽ നമ്പറുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളിൽ നിന്ന് പരിമിതമായ രീതിയിലാണ് ഉപയോഗം നടക്കുന്നത്. പാർക്കിംഗ് സൗകര്യം ഉള്ളതും കൂടുതൽ ഉപയോഗം ആവശ്യമുള്ളതുമായ സ്ഥലങ്ങളിലേയ്ക്ക് MLA മാർ ആവശ്യപ്പെടുന്നതിനനുസരിച്ച് ചാർജ്ജിംഗ് സ്റ്റേഷനുകൾ മാറ്റി സ്ഥാപിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യാൻ ആവശ്യമായ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിൽ ഉടനീളം ചാർജ്ജിംഗ് ശൃംഖല മെച്ചപ്പെടുത്തുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ താല്പര്യപ്പെടുന്ന സംരംഭകരെ സഹായിക്കുന്നതിനായി അനുയോജ്യമായ പൊതുസ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നോഡൽ ഏജൻസി എന്ന നിലയിൽ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ